# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

**പി.ആർ.ഒ/35/242/2016** **പത്രക്കുറിപ്പ്** **2016 നവംബർ 11**

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ നവംബർ 25ന് ആരംഭിക്കും.

രണ്ടാം വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി (2014 അഡ്മിഷൻ റഗുലർ, 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ നവംബർ 25ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും.

അഫിലിയേറ്റഡ് കോളജുകളിലെ പത്താം സെമസ്റ്റർ പഞ്ചവൽസര എൽ.എൽ.ബി, ആറാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി ഡിഗ്രി (കോമൺ) പരീക്ഷകൾ ഡിസംബർ 13ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 24 വരെയും 50 രൂപ പിഴയോടെ 25 വരെയും 500 രൂപ സൂപ്പർഫൈനോടെ 28 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതം സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

## അപേക്ഷാ തീയതി നീട്ടി

2015 സെപ്തംബർ മാസം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം (പ്രൈവറ്റ്)/പി.ജി രണ്ടാം സെമസ്റ്റർ (റഗുലർ നോൺ - സി.എസ്.എസ് - 2012ന് മുൻപുള്ള അഡ്മിഷൻ കോളജ് ഗോയിംഗ്) ഡിഗ്രി പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 19 വരെ അപേക്ഷിക്കാം.

## പ്രാക്ടിക്കൽ പരീക്ഷ

തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിലെ അഞ്ചാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ് - 2013 അഡ്മിഷന് മുൻപുള്ള) പരീക്ഷയുടെ കഥകളി മദ്ദളം, ചെണ്ട പ്രാക്ടിക്കൽ പരീക്ഷയും, മൂന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ കഥകളി മദ്ദളം, ചെണ്ട പ്രാക്ടിക്കൽ പരീക്ഷയും നവംബർ 22 മുതൽ 25 വരെ കോളജിൽ വച്ച് നടത്തും. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.ടി.എ (പി.ജി.സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 24 വരെ സ്വീകരിക്കും.

2016 ജൂലൈ മാസം നടത്തിയ ഒന്നാം വർഷ ബി.ഫാം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 22 വരെ സ്വീകരിക്കും.

ഒന്നും രണ്ടും സെമസ്റ്റർ (പ്രൈവറ്റ്/സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ (റഗുലർ) സപ്ലിമെന്ററി എം.കോം, എം.എ ഇക്കണോമിക്സ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

## യു.ജി അഡ്മിഷൻ കൗൺസിലിംഗ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന ബി.എസ്.സി എം.എൽ.റ്റി യിൽ മുസ്ലീം/ഒ.ബി.എക്സ് വിഭാഗത്തിൽ ഏതാനും സീറ്റൊഴിവുണ്ട്. ബി.പി.റ്റി.ക്ക് മുസ്ലീം വിഭാഗത്തിലും മൈക്രോബയോളജിക്ക് ഈഴവ വിഭാഗത്തിലും സീറ്റൊഴിവുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം നവംബർ 17ന് രാവിലെ 11 മണിക്ക് എസ്.എം.ഇ ഡയറക്ടറുടെ ഗാന്ധിനഗറിലുള്ള ഓഫീസിൽ എത്തിച്ചേരണം. ഫോൺ 0481-6061012, 6061014.

## സ്പോട്ട് അഡ്മിഷൻ

പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസിൽ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിൽ ഒഴിവുള്ള നാല് (4) സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0468-2323957, 9446705344.

## ഡിമൻഷ്യ: യു.ജി.സി ദേശീയ സെമിനാർ

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ ഗാന്ധിയൻ പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ "ഡിമൻഷ്യ രോഗികളുടെ സംരക്ഷണം; ആധുനിക കാലഘട്ടത്തിന്റെ സമീപന രീതികൾ" എന്ന വിഷയത്തിൽ നവംബർ 14, 15 തീയതികളിൽ യു.ജി.സി നാഷണൽ സെമിനാർ സംഘടിപ്പിക്കുന്നു. സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സെമിനാർ ഉദ്ഘാടനം ചെയ്യും. ജൂലി ലന്റ്, കേറ്റ് ടോംസ് (യു.കെ) എന്നിവർ പ്രബന്ധം അവതരിപ്പിക്കും. ഡിമൻഷ്യ ബാധിതരുടെ വ്യക്തികേന്ദ്രീകൃത ഇടപെടൽ, ഡിമൻഷ്യ ബാധിതരുടെ സംരക്ഷകർ നേരിടുന്ന പ്രതിസന്ധികൾ, തലച്ചോറും ഡിമൻഷ്യയും, സാമൂഹിക പ്രവർത്തനവും ഡിമൻഷ്യയും, കേരളത്തിലെ ഡിമൻഷ്യ രോഗികളുടെയും കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക അവസ്ഥകൾ, ഗവേഷണ സാധ്യതകൾ, ഡിമൻഷ്യ-രോഗികളുടെ മാനസിക വെല്ലുവിളികൾ, ഡിമൻഷ്യ അവബോധവും മെമ്മറി ക്ലിനിക്കും എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9447039679, 9946052579.

## ഇന്റർ കോളജിയറ്റ് ക്വിസ് മത്സര വിജയികൾ

മഹാത്മാ ഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമിന്റെയും വിവേകാനന്ദ ചെയറിന്റെയും ആഭിമുഖ്യത്തിൽ നടന്ന ഇന്റർ കോളജിയറ്റ് ക്വിസ് മത്സരത്തിൽ പേൾജോ ആൻ കെ, ദീപ ഉണ്ണി കൃഷ്ണൻ (അങ്കമാലി മോണിംഗ്സ്റ്റാർ ഹോം സയൻസ്) എന്നിവർ ഒന്നാം സമ്മാനവും, കൃഷ്ണപ്രിയ എസ്, കെസിയ സാറാ വർഗീസ് (ചങ്ങനാശ്ശേരി അസംപ്ഷൻ രണ്ടാം സമ്മാനവും, ആഷ്ലി തങ്കച്ചൻ, അഖില പി. വി (കോതമംഗലം എം.എ കോളജ്) എന്നിവർ മൂന്നാം സമ്മാനവും നേടി. പ്രൊഫ. റൂബി അക്കിബാ ആൻഗിരസ് സമ്മാനദാനം നിർവ്വഹിച്ചു. വിവേകാനന്ദ ചെയർ പീഠാധിപതി പ്രൊഫ. ഒ.എം.മാത്യു, എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, ജോളി മാത്യു എന്നിവർ പങ്കെടുത്തു.

## എം.ജിയിൽ ഇൻക്യുബേഷൻ സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കും

എം.ജി സർവ്വകലശാലയിലെ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ നടന്ന ത്രിദിന അന്തർദ്ദേശീയ ശില്പശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. സർവ്വകലാശാല ആരംഭിക്കുവാൻ പോകുന്ന ഇൻക്യുബേഷൻ സെന്ററിന്റെ പ്രവർത്തനങ്ങളെപ്പറ്റി വൈസ് ചാൻസലർ വിശദീകരിച്ചു. നൂറോളം ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന പരിപാടിയിൽ, മൂന്ന് കോടി രൂപ മുതൽ മുടക്കോടെ ആരംഭിക്കുന്ന സെന്ററിന്റെ പ്രവർത്തനത്തിൽ ഗവേഷകരുടെ ആശയങ്ങൾ വൈസ് ചാൻസലർ ക്ഷണിച്ചു. കോൺഫറൻസിൽ പ്രൊഫ. സാബു തോമസ്, ഡോ. ജയലക്ഷ്മി എന്നിവർ സംസാരിച്ചു.

അടിക്കുറിപ്പ്

എം.ജി സർവ്വകലശാലയിലെ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ നടന്ന ത്രിദിന അന്തർദ്ദേശീയ ശില്പശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**